# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

വാർത്താപത്രിക

വാല്യം : 01 ലക്കം : 01 2020 ഒക്ടോബർ





**കെ. കെ. ശൈലജ ടീച്ചർ**

ആരോഗ്യ സാമൂഹ്യനീതി
വനിത ശിശു വികസന വകുപ്പു മന്ത്രി
കേരള സർക്കാർ


നം.033/പ്രസ്/ആ.കു.വ/2020

തിരുവനന്തപുരം
തീയതി: 16.09.2020

**ആശംസ**

കേരളത്തിലെ സാധാരണജനങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങളിലൊന്ന് അനുദിനം വർധിച്ചുവരുന്ന ചികിത്സച്ചെലവാണ്. പൊതുജനാരോഗ്യ സംവിധാനങ്ങളുടെ സേവനം മെച്ചപ്പെടുത്തുകയാണ് അതിന് സർക്കാരിന്റെ മുന്നിലുള്ള ഒരു പ്രധാന ഉപാധി. ആ വഴിക്കുള്ള ഒരു നിർണായക ചുവടുവയ്പ്പാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ രൂപീകരണം. സാധാരണക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിന് വ്യത്യസ്ത വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പാക്കി വന്ന വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പാക്കുകയാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ മുഖ്യ ദൗത്യം.

സൗജന്യമായും സൗജന്യനിരക്കിലും ചികിത്സ ലഭ്യമാക്കുന്ന പദ്ധതികൾ ചുവപ്പു നാടകളിൽ കുരുങ്ങാതെ ജനോപകാരപ്രദമായ നിലയിൽ അർഹതപ്പെട്ടവർക്ക് യഥാസമയം ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള നൂതന സംവിധാനമാണിത്. അഭിമാനകരമായ പുരോഗതിയാണ് കഴിഞ്ഞ രണ്ടു വർഷം ഈ പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞത്. ഇതിനകം 13.12 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്താൻ നമുക്ക് സാധിച്ചു.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവന്ന കാരുണ്യ ബനവലന്റ് ഫണ്ട് കൂടി ഇപ്പോൾ ഈ ഏജൻസിയുടെ ചുമതലയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. നിരവധി പങ്കാളികൾ ഉൾപ്പെട്ടവയാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കീഴിലുള്ള ഓരോ പദ്ധതിയും. അവ സംബന്ധിച്ച വിവരങ്ങളും അറിയിപ്പുകളും എല്ലാ തലങ്ങളിലും എത്തിക്കുക എന്നത് കാര്യക്ഷമമായ പദ്ധതി നിർവഹണത്തിൽ വളരെ നിർണായകമാണ്. അതിനായി ഒരു വാർത്താപത്രിക പ്രസിദ്ധീകരിക്കാനുള്ള തീരുമാനം അഭിനന്ദനമർഹിക്കുന്നു.

'കാരുണ്യകേരള'ത്തിന് എന്റെ വിജയാശംസകൾ

**കെ.കെ. ശൈലജ ടീച്ചർ**


Phone Office : 0471- 2327876, 2327976


## ആശുപത്രികളിൽ കാസ്പ് കിയോസ്ക്കുകൾ

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിൽ രോഗികളുടെ സേവനത്തിനായി കാസ്പ് കിയോസ്ക്കുകൾ സജ്ജമാകുന്നു. പി.എം.എ.എം അല്ലെങ്കിൽ മെഡിക്കൽ കോ-ഓർഡിനേറ്റർക്കായിരിക്കും കിയോസ്ക്കുകളുടെ പരിപാലന ചുമതല.

**കിയോസ്ക്കുകളിൽ നിന്നു ലഭിക്കുന്ന സേവനങ്ങൾ**

- ബി ഐ എസ് സിസ്റ്റത്തിൽ തെരഞ്ഞ് ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന - കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കാർഡ് ലഭ്യമാക്കൽ.
- രോഗിയുടെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രജിസ്ട്രേഷൻ മുതൽ ഡിസ്ചാർജ് ആകുന്നതുവരെയുള്ള എല്ലാ സേവനങ്ങളും.
- പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ദൈനംദിന അറിയിപ്പുകളും

# കരുത്തോടെ കാരുണ്യ ഇനി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ




*എംപാനൽ ചെയ്ത ആശുപത്രികളിൽ സ്ഥാപിക്കുന്ന കിയോസ്കുകളുടെ മാതൃക*

ആശങ്കകൾക്ക് വിരാമം കുറിച്ചുകൊണ്ട് കേരള സർക്കാരിന്റെ 'കാരുണ്യ ബെനവലന്റ് ഫണ്ട്' ആരോഗ്യ പരിരക്ഷാ പദ്ധതിയുടെ നിർവഹണം ആരോഗ്യ വകുപ്പിന്റെ കീഴിൽ കേരളാ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഏറ്റെടുത്തു. 2011-12 സാമ്പത്തിക വർഷം ആരംഭിച്ച ഈ പദ്ധതി അനേകർക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്നതാണ്.

മുൻപ് ലഭിച്ചിരുന്ന ഏതാണ്ട് എല്ലാ ആനുകൂല്യങ്ങളും നിലനിർത്തി ചില അധിക സഹായ വ്യവസ്ഥകൾ കൂട്ടിച്ചേർത്താണ് സംസ്ഥാന സർക്കാരിന്റെ ഈ പുതിയ ചുവടുവയ്പ്. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് രണ്ട് ലക്ഷം രൂപയുടെ വരെ ചികിത്സാ സഹായം ഇതിലൂടെ ലഭ്യമാകും. പ്രധാന മന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിലാവും ഇനി മുതൽ കാരുണ്യ ബെനവലന്റ് ഫണ്ടും നടപ്പിലാവുക.

ക്യാൻസർ, ഹൃദ്രോഗം, തലച്ചോർ സംബന്ധമായ രോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ, വൃക്കരോഗങ്ങൾ, ഹീമോഫീലിയ തുടങ്ങിയവയ്ക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുക.

വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് മൂന്ന് ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാകും. സർക്കാർ ആശുപത്രികളിലും അംഗീകൃത സ്വകാര്യ ആശുപത്രികളിലും പദ്ധതിയുടെ സേവനം ലഭ്യമാകും. അപേക്ഷകൾ അതത് ആശുപത്രികൾ വഴിയാണ് സമർപ്പിക്കേണ്ടത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ് വിഭാഗങ്ങളിൽപ്പെട്ട മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്കുമാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

വിശദ വിവരങ്ങൾക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ രത്തൻ യു കേൽക്കർ** ഐ.എ.എസ്
(എക്സിക്യൂട്ടീവ് ഡയറക്ടർ )

**ഡോ ബിജോയ് ഇ**
(ജോയിന്റ് ഡയറക്ടർ - ഓപ്പറേഷൻസ്)
**സുരേഷ് കെ**
(മാനേജർ- എച്ച് ആർ & അഡ്മിനിസ്ട്രേഷൻ)
**അനികൃഷ്ണ കെ**
(മാനേജർ - ജി ആർ & എം ഇ )
**വിപിൻ സി മാത്യൂ**
(മാനേജർ - ഫിനാൻസ്)
**ഡോ വിമൽ വി വി**
(മാനേജർ - HN & QA)
**വിവേക് കൃഷ്ണൻ പി.കെ**
(മാനേജർ - ഐ.ടി)

എഡിറ്റർ :
**ലത്തീഫ് സി**
(മാനേജർ-ഐ.ഇ.സി & സി.ബി)

അസി എഡിറ്റർ:
**വിപിൻ വി**
(എക്സിക്യൂട്ടീവ് - ഐ.ഇ.സി & സി.ബി)

എഡിറ്റോറിയൽ സഹായം:
**ടോണി തോമസ്**
(ജില്ല പ്രോജക്ട് കോ-ഓർഡിനേറ്റർ - കോട്ടയം)
**ഹേമ കെ ആർ**
(ജില്ല പ്രോജക്ട് കോ-ഓർഡിനേറ്റർ, എറണാകുളം)

കൺസൾട്ടിങ് എഡിറ്റർ:
**അജിത് വെണ്ണിയൂർ**


# എലെറ്റ്സ് ഹെൽത്ത് കെയർ ട്രാൻസ്മിഷൻ സമ്മിറ്റ് അവാർഡ് **സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക്**




പ്രഥമ എലൈറ്റ്സ് ഹെൽത്ത് കെയർ ട്രാൻസ്മിഷൻ അവാർഡ് കേരളത്തിലെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക്. 2020 ആഗസ്റ്റ് 28ന് നടന്ന വെർച്വൽ സമ്മിറ്റിൽ ആണ് അവാർഡ് പ്രഖ്യാപിച്ചത്.

2011-2012 സാമ്പത്തിക വർഷം കേരള സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത കാരുണ്യ ബനവലന്റ് ഫണ്ട് (കെ ബി. എഫ് ) നെ നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഐ.റ്റി സിസ്റ്റത്തിലേക്ക് ലയിപ്പിച്ച പ്രവൃത്തിയാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെ അവാർഡിന് അർഹമാക്കിയത്.

കെ ബി. എഫ് ഗുണഭോക്താക്കൾക്ക് ഇനി എല്ലാ കാസ്പ് എംപാനൽഡ് ആശുപത്രികളിൽ നിന്നും ചികിത്സ ലഭ്യമാണ്. ഡോ.രവി ഗുപ്ത (സി.ഇ.ഒ & എഡിറ്റർ ഇൻ ചീഫ്, എലറ്റ്സ് ഹെൽത്ത് കെയർ ലിമിറ്റഡ്) അധ്യക്ഷത വഹിച്ചു.

അശ്വനി കുമാർ ചൗബേ (കേന്ദ്ര സഹമന്ത്രി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം) സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരളയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.രത്തൻ കേൽക്കർ ഐ.എ.എസ് ന് അവാർഡ് കൈമാറി. ചടങ്ങിൽ വിവിധ സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സി.ഇ.ഒ മാർ, കേന്ദ്രമന്ത്രിമാർ, ഇ-ഹെൽത്ത് എലൈറ്റ്സ് ടെക്നോളജി ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

## ലോഗോ പ്രകാശനം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ലോഗോ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ പ്രകാശനം ചെയ്തു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ രാജൻ കൊബ്രഗഡെ ഐ.എ.എസ്, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജോയ്ന്റ് ഡയറക്ടർ ഡോ ബിജോയ് ഇ, എച്ച്.ആന്റ് അഡ്മിൻ മാനേജർ സുരേഷ് കെ എന്നിവർ സമീപം



സമർപ്പണം

# ചാരിതാർത്ഥ്യത്തോടെ



***"നിങ്ങൾ ഒരിക്കലും ആരംഭിക്കാത്ത യാത്ര മാത്രമാണ് അസാധ്യമായ യാത്ര" – ടോണി റോബിൻസ്***

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ് എച്ച്എ) രൂപീകരിക്കുന്നതിനുള്ള ആശയം ആവിഷ്കരിച്ച് ഒരു വർഷം പൂർത്തിയാവുമ്പോൾ അതിന്റെ ആദ്യ വാർത്താപത്രികയിൽ ഈ കുറിപ്പ് ഞാൻ എഴുതുന്നത് അത്യന്തം ചാരിതാർഥ്യത്തോടെയാണ്.

ആരോഗ്യ പരിപാലന പദ്ധതി കൈകാര്യം ചെയ്യുന്നതിനായി ഒരു സംസ്ഥാന ഏജൻസി സ്ഥാപിക്കുന്നതിനുള്ള സർക്കാരിന്റെ സുദൃഢമായ തീരുമാനം ഫലം കണ്ടുതുടങ്ങിയിരിക്കുന്നു.

ആരോഗ്യ പരിരക്ഷാ സേവനങ്ങൾ ആവശ്യമുള്ളവർക്കെല്ലാം അതുറപ്പുവരുത്താനുള്ള പ്രയാണം എസ്.എച്ച്.എ അതിന്റെ ശൈശവദശയിൽ തന്നെ ആരംഭിച്ചു കഴിഞ്ഞു. ഈ സംരംഭം ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിലും ഏകോപിപ്പിക്കുന്നതിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹു. ആരോഗ്യമന്ത്രി, ആരോഗ്യ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുടെയും ധനവകുപ്പ്, ആസൂത്രണ ബോർഡ് എന്നിവയുടെയും ഉപദേശനിർദേശങ്ങൾ വളരെ വിലപ്പെട്ടതാണ്.


പ്രഗത്ഭരും പരിശ്രമശാലികളുമായ ഒരു സംഘം പ്രവർത്തകരുടെ നേതൃത്വത്തിൽ ആയുഷ്മാൻ ഭാരത്, പി.എം.ജെ.എ.വൈ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (AB PM-JAY-KASP) എന്നിവയുടെ ഏകോപനവും നിർവഹണവും വളരെ ഫലപ്രദമായി നിർവഹിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ ആരംഭിച്ചു കഴിഞ്ഞു. ആരോഗ്യരംഗത്ത് രാജ്യത്തെ മികച്ച ഏജൻസിയായി എസ്എച്ച്.എ മാറിക്കൊണ്ടിരിക്കുകയാണ്.

പ്രവർത്തനമാരംഭിച്ച് കേവലം രണ്ടുമാസത്തിനുള്ളിൽ തന്നെ ആശുപത്രികൾക്കുള്ള പണമനുവദിക്കൽ, പുതിയ ആശുപത്രികളുടെ എംപാനൽമെന്റ്, പരാതിപരിഹാരം, ചികിത്സാ മാർഗ്ഗരേഖയുടെ നിർവഹണം എന്നിവയിൽ മികച്ച നേട്ടമുണ്ടാക്കാൻ എസ് എച്ച് എ ക്ക് സാധിച്ചു.

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നിന്ന് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ മാനേജ്മെന്റും എസ്എച്ച്എ ഏറ്റെടുത്തിട്ടുണ്ട്. ഉടൻ തന്നെ ഗതാഗത വകുപ്പിന്റെ ഗോൾഡൻ ഹവർ ട്രോമാ കെയർ പ്രോജക്റ്റ് പ്രവർത്തനക്ഷമമാക്കും. അതുവഴി സർക്കാരിന്റെ വിവിധ ആരോഗ്യ പരിരക്ഷാ പദ്ധതികളുടെ സംയോജനവും പ്രൊഫഷണൽ മാനേജ്മെന്റും ഉറപ്പാക്കുകയും ചെയ്യും. എസ്.എച്ച്.എയുടെ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അതിന്റെ ഗുണഭോക്താക്കൾക്കും ബന്ധപ്പെട്ട എല്ലാവർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനായി ഒരു വാർത്താപത്രിക പ്രസിദ്ധീകരിക്കാൻ മുൻകൈയെടുത്ത എസ്എച്ച്എ ടീമിനെ ഞാൻ അഭിനന്ദിക്കുന്നു. എല്ലാവർക്കും മികച്ച ആരോഗ്യ പരിരക്ഷാ സേവനം ലഭ്യമാക്കുന്നതിലും അതുവഴി ആരോഗ്യസമ്പന്നമായ ഒരു സമൂഹവും രാജ്യവും കെട്ടിപ്പടുക്കുന്നതിലും ഈ വാർത്താപത്രികയുടെ പ്രകാശനം ഒരു നിർണായക ചുവടുവയ്പായിരിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു.

**– ഡോ രത്തൻ യു കേൽക്കർ ഐ.എ.എസ്**
ചീഫ് എഡിറ്റർ
(എക്സിക്യൂട്ടീവ് ഡയറക്ടർ)

# അടച്ചിടൽ ദിനങ്ങളിലെ മാരത്തോൺ പരിശീലനം




2020 ജൂലൈഒന്ന്. അന്നാണ് സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ രൂപീകരിച്ച സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പ്രവർത്തനം ആരംഭിച്ചത്.

കോവിഡ് ഭീതിയിൽ ലോകം നിശ്ചലമായ ദിനങ്ങൾ. തീവണ്ടിയൊച്ചകൾ നിലച്ചു. നിരത്തിലെ വാഹനപ്പാച്ചിൽ സ്തംഭിച്ചു. മനുഷ്യൻ ആകാശയാത്ര തുടങ്ങിയതിനു ശേഷം ആദ്യമായി റൺവേകൾ ഒഴിഞ്ഞുകിടന്നു. വിദ്യാലയങ്ങളും തൊഴിലിടങ്ങളും അടച്ചുപൂട്ടി മനുഷ്യൻ അവനിലേക്ക് തന്നെ ഉൾവലിഞ്ഞ ദിനരാത്രങ്ങൾ.

നാൽപത്തി രണ്ട് ലക്ഷം കുടുംബങ്ങൾ അംഗമായ ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന, കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതികളുടെ നിർവഹണ ചുമതല ഏറ്റെടുത്ത സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് പക്ഷെ അത് ഏറ്റവും ചലനാത്മകമായ ദിനങ്ങളായിരുന്നു.

മുന്നൊരുക്കങ്ങളുടെയുംപരിശീലനങ്ങളുടെയും മാരത്തോൺ ആരംഭിക്കുന്നത് ജൂൺ അവസാനമാണ്. വൈറ്റ് ബോർഡുകൾ കമ്പ്യൂട്ടർ സ്ക്രീനിലേക്ക് പരിണമിച്ച ദിനങ്ങൾ. ആകെ 42 പരിശീലനപരിപാടികൾ. 2,519 അംഗങ്ങൾ.

ആ സമയം ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് പുതുക്കി HBP 2.0 ആയി പരിഷ്കരിച്ചു. സമാനരീതിയിൽ ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റം (TMS) 1.5 ആയി പരിണമിച്ചിരുന്നു.

***മുന്നൊരുക്കങ്ങളുടെയും പരിശീലങ്ങളുടെയും മാരത്തോൺ ആരംഭിക്കുന്നത് ജൂൺ അവസാനമാണ്. വൈററ് ബോർഡുകൾ കമ്പ്യൂട്ടർ സ്ക്രീനിലേക്ക് പരിണമിച്ച ദിനങ്ങൾ. ആകെ 42 പരിശീലപരിപാടികൾ. 2,519 അംഗങ്ങൾ.***

പദ്ധതി നിർവഹണ ടീമിനൊപ്പം ആശുപത്രികളെയും ബന്ധപ്പെട്ട മറ്റെല്ലാ പദ്ധതി പങ്കാളികളെയും വിവരങ്ങളും പരിശീലനവും നല്കി സുസജ്ജമാക്കുക എന്ന ഭാരിച്ച ദൗത്യം കോവിഡ് കാലത്ത് സമയബന്ധിതമായി പൂർത്തിയാക്കുക എന്നത് അക്ഷരാർഥത്തിൽ തന്നെ വലിയൊരു വെല്ലുവിളിയായി മാറി. കൂട്ടായ പരിശ്രമത്തിലൂടെ ആ ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ എസ്.എച്ച്.എക്കു കഴിഞ്ഞു.

**– ലത്തീഫ് സി**
(മാനേജർ-ഐ.ഇ.സി&സി.ബി)

# ജീവനും ജീവിതത്തിനും **കൈത്താങ്ങായി കാരുണ്യ**



സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
കരുതലിന്റെ കൈത്താങ്ങ്

ഇടിവെട്ടേറ്റയാളെ പാമ്പുകടിച്ചാൽ എന്താണാവസ്ഥ? ആ ചൊല്ല് തന്റെ കാര്യത്തിൽ അന്വർത്ഥമായപ്പോൾ നൗഷാദും കുടുംബവും ആദ്യം ആകെ പകച്ചുപോയി.

ഓട്ടോഡ്രൈവറാണ് തൃശൂർ ഏങ്ങണ്ടിയൂർ സ്വദേശി നൗഷാദ്. വയസ് നാൽപ്പത്. ഭാര്യയും മകനും അടങ്ങുന്ന അഞ്ചംഗ കുടുംബത്തിന്റെ ഏക അത്താണി.

കോവിഡ് ലോക്ക്ഡൗൺ കാരണം തൊഴിൽ വഴിമുട്ടി നിൽക്കുന്നതിനിടയിലാണ് മിന്നൽപിണർ പോലൊരു നെഞ്ചുവേദന നൗഷാദിനെ കടന്നുപിടിച്ചത്.

*ഹൃദയത്തിലെ ബ്ലോക്കിനൊപ്പം മനസ്സിന്റെ പിരിമുറുക്കവും അലിഞ്ഞില്ലാതായതിന്റെ ആശ്വാസത്തോടെയാണ് നൗഷാദും കുടുംബവും വീട്ടിലേക്ക് മടങ്ങിയത്.*

2020 ജൂലൈ 27. ആ ദിവസം നൗഷാദിന്റെ കുടുംബത്തിന് മറക്കാനാവില്ല. ഭാര്യ പറയുന്നു: "നെഞ്ചുവേദന അസഹ്യമായതോടെയാണ് അദ്ദേഹത്തെ തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിലെത്തിച്ചത്. ഇ സി ജി പരിശോധനയിൽ പ്രശ്നം നിസ്സാരമല്ലെന്ന് കണ്ട് കൂടുതൽ സൗകര്യങ്ങളുള്ള മറ്റൊരു സ്വകാര്യ ആശുപത്രിയിലേക്ക് റഫർ ചെയ്തു. അവിടെയ്ക്കുള്ള യാത്രയ്ക്കിടയിൽ രോഗം മൂർച്ഛിച്ചു. വഴിയിൽ വേറൊരാശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്നാൽ അവിടത്തെ ചികിത്സാച്ചെലവോർത്തപ്പോൾ ഞങ്ങളുടെ നെഞ്ച് പിടച്ചു. അപ്പോഴാണ് സർക്കാരിന്റെ കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയെക്കുറിച്ച് ഓർത്തത്. ഉടനെ നൗഷാദിനെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. അന്നുതന്നെ ആൻജിയോഗ്രാം നടത്തി. ഹൃദയധമനിയിൽ രണ്ട് ബ്ലോക്കുകൾ കണ്ടു. അടുത്തദിവസം തന്നെ ആൻജിയോപ്ലാസ്റ്റി ചെയ്തു.

# അതിഥികൾക്ക് **അതിരുകളില്ലാതെ**

അസ്സം സ്വദേശിയായ മുസ്താഡി കോട്ടയത്തെത്തിയത് തൊഴിലെടുത്ത് കുടുംബം പുലർത്താനാണ്. കേരളത്തിലെ പത്തു ലക്ഷത്തിലധികം വരുന്ന പാവപ്പെട്ട അതിഥിത്തൊഴിലാളികളിൽ ഒരാൾ.

ഇക്കഴിഞ്ഞ ജൂലൈ 28ന് ഒരു ബൈക്കപകടത്തിൽ പരിക്കേറ്റ് കോട്ടയം മെഡിക്കൽ കോളേജിലെത്തുമ്പോൾ മുസ്താഡിക്ക് കൈവശം ആകെയുണ്ടായിരുന്നത് പ്രധാന മന്ത്രി ജൻ ആരോഗ്യ യോജനയുടെ ആസ്സാം സംസ്ഥാനത്തുനിന്നും അനുവദിച്ച കാർഡ് മാത്രമായിരുന്നു.

പരിശോധനകൾക്ക് ശേഷം ഡോക്ടർ പറഞ്ഞു, കൈയെല്ലിന് പൊട്ടലുണ്ട്. ഉടൻ ഒരു ശസ്ത്രക്രിയ വേണം.19,000 രൂപ ഉടൻ അടയ്ക്കണം. സംശയത്തോടെ മുസ്താഡി കൈവശമുള്ള കാർഡ് നേഴ്സിന് നേരെ നീട്ടി.

നേഴ്സ് അത് കാരുണ്യ കൗണ്ടറിൽ പരിശോധിച്ചു .അസ്സാമിലെ കാർഡാണ്. പക്ഷേ പി.എം.ജെ.എ.വൈ കാർഡാക്കി മാറ്റാം. പെട്ടെന്നുതന്നെ കാർഡ് വിവരങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറി. പി.എം.ജെ.എ.വൈ കാർഡ് റെഡി. ശസ്ത്രക്രിയ കഴിഞ്ഞ് മടങ്ങിപ്പോകുമ്പോൾ മാത്രമാണ് മുസ്താഡിക്ക് കാര്യം ശരിക്കും മനസ്സിലായത്. ഒരു രൂപ പോലും മുടക്കാതെ തന്റെ ചികിത്സ കഴിഞ്ഞിരിക്കുന്നു.

പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുടെ 'പോർട്ടബിലിറ്റി' സൗകര്യം ഉപയോഗപ്പെടുത്തി ഒരു ഇൻഡ്യൻ പൗരന് ഇൻഡ്യയിലെ ഏതു സംസ്ഥാനത്തുനിന്നും സൗജന്യ ചികിത്സ ലഭ്യമാക്കാം.

**– ടോണി തോമസ്**
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, കോട്ടയം



പിന്നെ രണ്ടുദിവസം കുടി ആശുപത്രിയിൽ നിരീക്ഷണം. മൊത്തം ചെലവ് ഒരുലക്ഷത്തോളം രൂപ സർക്കാരിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നിന്ന്.”

ഹൃദയത്തിലെ ബ്ലോക്കിനൊപ്പം മനസ്സിന്റെ പിരിമുറുക്കവും അലിഞ്ഞില്ലാതായതിന്റെ ആശ്വാസത്തോടെയാണ് നൗഷാദും കുടുംബവും വീട്ടിലേക്ക് മടങ്ങിയത്. തീരാക്കടത്തിൽ മുങ്ങിപ്പോകുമായിരുന്ന നൗഷാദിനെപ്പോലെ നിർധനരായ നിരവധി പേർക്ക് കൈത്താങ്ങായി മുന്നേറുകയാണ് കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി തൃശൂർ ജില്ലയിൽ.

കേവലം രണ്ട് മാസം മുൻപാണ് പദ്ധതി നിർവഹണം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഏറ്റെടുത്തത്.

**– റെനി കുരിയാക്കോസ്**
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ,
തൃശ്ശൂർ




# ശരിയായ **ദിശയിൽ.....**

ആ നാലക്കനമ്പറിലേക്ക് വിളിക്കുമ്പോൾ മിനിക്ക് വലിയ പ്രതീക്ഷയൊന്നുമുണ്ടായിരുന്നില്ല. ‘കാരുണ്യ’ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ സ്വകാര്യ ആശുപത്രിയിൽ നിന്ന് കിട്ടിയിരുന്ന സൗജന്യ സേവനം പൊടുന്നനെ നിലച്ചപ്പോൾ പകച്ചുപോയ ആ വീട്ടമ്മയ്ക്ക് ഒടുവിൽ എങ്ങുനിന്നോ കിട്ടിയ ഒരു പിടിവള്ളിയായിരുന്നു ‘ദിശ’യുടെ ആ ടോൾ ഫ്രീ നമ്പർ: 1056

ആലപ്പുഴ ജില്ലയിലെ നൂറനാട്ടുകാരിയാണ് വീട്ടമ്മയായ മിനി. ഏറെ പ്രത്യാശയോടും ആത്മവിശ്വാസത്തോടും കൂടിയാണ് മിനി ഇളയ മകളുടെ ആദ്യ പ്രസവ ശുശ്രൂഷ ഏറ്റെടുത്തത്. നാട്ടുനടപ്പനുസരിച്ച് അത് ഒരമ്മയുടെ അവകാശവും അഭിമാനവും അധികാരവുമാണല്ലോ.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെയായിരുന്നു ഒൻപത് മാസവും സ്വകാര്യ ആശുപത്രിയിൽ മകളുടെ ഗർഭകാല ശുശ്രൂഷ. പ്രസവത്തിന് കേവലം പത്തു ദിവസം മാത്രം ബാക്കി നിൽക്കെ ആശുപത്രി അധികൃതർ കൈയൊഴിഞ്ഞു. മുൻകൂർ പണമടച്ചാൽ മാത്രമേ ഇനി ചികിത്സിക്കൂ എന്നവർ വാശിപിടിച്ചു. പണ്ടേ ദുർബല, പിന്നെ ഗർഭിണിയും എന്നു പറഞ്ഞതുപോലെയായി കാര്യങ്ങൾ. തുച്ഛ വരുമാനക്കാരായിരുന്നു മിനിയും കുടുംബവും. കോവിഡ് മഹാമാരി തുടങ്ങിയതോടെ ഉള്ള വരുമാനവും നിലച്ചു. ആകെ ഒരു പ്രതീക്ഷയുണ്ടായിരുന്നത് കാരുണ്യയിലാണ്. അതും കിട്ടില്ലെന്നായി.

അയൽപക്കത്തെ ആരോ കൊടുത്തതാണ് ദിശയുടെ ഫോൺ നമ്പർ. ഒരുറപ്പുമുണ്ടായിരുന്നില്ല, വിളിച്ചുനോക്കാം എന്നുമാത്രമേ മിനി കരുതിയുള്ളു. പക്ഷേ പെട്ടന്നാണ് കാര്യങ്ങൾ മാറിമറിഞ്ഞത്. ദിശയിൽ വിവരം പറഞ്ഞപ്പോൾ അവർ അത് ഉടൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്ക് കൈമാറി.... പിന്നെ ശരവേഗത്തിലായിരുന്നു ഇടപെടലുകൾ.





**ദിശ**
**ആരോഗ്യ സേവനങ്ങൾക്ക് കൃത്യമായ ദിശ കാട്ടുന്ന കേരളാ സർക്കാരിന്റെ സൗജന്യ കോൾ സെന്റർ സേവനം**
**ഫോൺ നമ്പർ 1056**

ജില്ലയിൽ തന്നെ അധികം ദൂരെയല്ലാതെ മറ്റൊരു സ്വകാര്യ ആശുപത്രിയിൽ കാരുണ്യയുടെ സേവനം അവർ ഏർപ്പാടു ചെയ്തു.

പൂർണമായും സൗജന്യ സേവനം. നല്ല പരിചരണം. ആശുപത്രിയിൽ പ്രവേശിപ്പിച്ച് പത്താം നാൾ പ്രസവം. കൊച്ചുമോളുടെ കുഞ്ഞിക്കാൽ കണ്ടപ്പോൾ മിനി ആദ്യം വിളിച്ചത് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ഓഫീസിലേക്ക്. സന്തോഷം അറിയിക്കാൻ, നന്ദി പറയാൻ.

**– വി. വിനീത്**
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ,
ആലപ്പുഴ

## ഒരു ഫോൺ **നമ്പരിലെന്തിരിക്കുന്നു?**




"ആംബുലൻസ് വേണം. റോഡപകടത്തിൽപെട്ട് തലയ്ക്ക് പരിക്കേറ്റഒരാളെഅടിയന്തരമായിആശുപത്രിയിലെത്തിക്കാനാണ്" - ഒരജ്ഞാത ഫോൺ. പത്തനംതിട്ട ജില്ലയിലെ കുടശ്ശനാട് ഗ്രാമത്തിലാണ് സംഭവം. ഒന്നും ആലോചിക്കാതെ ഡ്രൈവർ അരുൺ ആംബുലൻസെടുത്ത് അപകടസ്ഥലത്തേക്ക് പാഞ്ഞു. അവിടെയെത്തുമ്പോൾ റോഡരികിൽ പരിക്കേറ്റ മധ്യവയസ്ക്കൻ മാത്രം. കൂടെയാരുമില്ല. അരുൺ ആരെയും കാത്തു നിന്നില്ല. ഉടൻ തൊട്ടടുത്ത സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു.

നേരം പുലർന്നു വരുന്നതേയുള്ളു. ആശുപത്രിയിലെത്തിയപ്പോഴാണ് ആ മനുഷ്യനെ അരുൺ നേരെ ചൊവ്വെ ഒന്നു കണ്ടതു തന്നെ. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റിരുന്നു. അർദ്ധബോധാവസ്ഥയിലായിരുന്ന അയാൾക്ക് അൽപ്പം ബോധം തെളിഞ്ഞപ്പോൾ കുടുംബത്തെപ്പറ്റി അന്വേഷിച്ചു. കുടുംബവുമായി അകന്നു കഴിയുന്ന തനിക്ക് ആരോരുമില്ലെന്നായിരുന്നു മറുപടി. അതോടെ അരുൺ പ്രതിസന്ധിയിൽ അകപ്പെട്ടപോലെയായി..

ആശുപത്രിക്കാരാണെങ്കിൽ, അതുവരെ നടത്തിയ പരിശോധനകളുടെ പണം അടച്ചിട്ട് ഉടൻ തന്നെ ആ മനുഷ്യനെ 110 കി.മി. അകലെയുള്ള സർക്കാർ മെഡിക്കൽ കോളേജിലെത്തിക്കാൻ പറഞ്ഞു. രോഗിയുടെ ബന്ധുക്കളാരെങ്കിലുമില്ലെങ്കിൽ അവിടെ ശസ്ത്രക്രിയ നടക്കില്ലത്രേ.

ദിവസവേതനക്കാരനായ അരുൺ എന്ത് ചെയ്യണം എന്നറിയാതെ ഒരു നിമിഷം പകച്ചു പോയി അപ്പോഴാണ് പണ്ട് ഇതേ ആശുപത്രിയിൽ ജോലി ചെയതിരുന്ന ഒരു സുഹൃത്തിൻറെ നമ്പർ ഓർമ്മ വന്നത്. അദ്ദേഹത്തെ വിളിച്ചു കാര്യം പറഞ്ഞു. ആ സുഹൃത്താണ് അരുണിനെ കേരളാ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേക്കുള്ള വഴി കാട്ടിയത്. ബന്ധപ്പെട്ടപ്പോൾ ഉദ്യോഗസ്ഥർ അപകടത്തിൽപ്പെട്ടയാളുടെ പേരും റേഷൻ കാർഡ് നമ്പറും ചോദിച്ചു. അരുണിന് അതൊന്നും അറിയില്ലായിരുന്നു. അപകടത്തിൽപെട്ടയാൾക്ക് ഒന്നും ഓർമയില്ല. കൈയിലുള്ള ഫോണിൽ നിന്ന് നമ്പർ മാത്രം തിരിച്ചറിഞ്ഞു. അത് കൊടുത്തു

ശേഷം അരുൺ പറയട്ടെ : "എനിക്ക് ഒരു പ്രതീക്ഷയുമില്ലായിരുന്നു. ഇത് കൊണ്ട് എന്തു ചെയ്യാൻ? അഞ്ച് മിനിറ്റ് കഴിഞ്ഞു കാണും ആശുപത്രിയിലെ കൗണ്ടറിൽ നിന്ന് പി ആർ ഓ എന്നെ വിളിച്ചു. അയാളെ എങ്ങും കൊണ്ടുപോണ്ട, ഇവിടെത്തന്നെ ചികിത്സിക്കാം." ഇതെന്ത് മറിമായം എന്ന് ചിന്തിക്കുമ്പോൾ നേഴ്സ് പറഞ്ഞു, അയാൾ കാരുണ്യ ഗുണഭോക്താവാണ്. അതിനാൽ ചികിത്സ സൗജന്യമാണ്.

"പക്ഷേ അപ്പോഴും സംശയം ബാക്കി. ഇതെങ്ങനെ ഇവർക്ക് മനസ്സിലായി. ചോദിക്കാതെ തന്നെ നേഴ്സ് പറഞ്ഞു, മൊബൈൽ നമ്പർ വച്ച് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയുടെ വെബ്സൈറ്റിൽ തിരയുമ്പോൾ ഒരാൾ ഗുണഭോക്താവാണോ എന്ന് അറിയാൻ കഴിയും" അപ്പോഴാണ് അരുണിന് സമാധാനമായത്. എന്തൊക്കെ സംവിധാനങ്ങളാണല്ലേ! വിവര സാങ്കേതിക വിദ്യയുടെ ഒരു മായാജാലം !.

**- ഡെന്നീസ്**

ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, പത്തനംതിട്ട

## സേവനം **സമൂഹ മാധ്യമങ്ങളിലൂടെ**

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നൽകുന്ന സേവനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളും സർക്കാർ നൽകുന്ന അറിയിപ്പുകളും ഇപ്പോൾ സാമൂഹ്യമാധ്യമങ്ങൾ വഴിയും ലഭ്യമാക്കുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയെ കുറിച്ചുള്ള വിവരങ്ങൾക്കും ദൈനംദിന അപ്ഡേറ്റുകൾക്കും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ വെബ്സൈറ്റ്, ഫേസ്ബുക്ക്, ടിറ്റർമുതലായ സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകൾ വഴി ലഭ്യമാണ്.

| | | |
|---|---|---|
| വെബ്സൈറ്റ് | : | www.sha.kerala.gov.in |
| ഫേസ്ബുക്ക് | : | https://www.facebook.com/ statehealthagencykerala |
| ടിറ്റർ | : | https://twitter.com/ AgencyKerala |

## സേവനം **ദിശയിലൂടെയും**

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾക്കും നിർദ്ദേശങ്ങൾക്കും സംശയനിവാരണത്തിനും 24x7 മണിക്കൂർ പ്രവർത്തിക്കുന്ന ദിശ ടോൾ ഫ്രീ നമ്പർ സേവനം ജനങ്ങൾക്ക് ലഭ്യമാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയെ കുറിച്ച് ജനങ്ങൾക്കുണ്ടാകുന്ന എല്ലാ സംശയങ്ങൾക്കും ഉത്തരം നൽകാൻ 1056 അല്ലെങ്കിൽ 0471 255 1056 എന്ന ദിശ ടോൾഫ്രീ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.




കേരള സർക്കാർ | Pradhan Mantri Jan Arogya Yojana Ayushman Bharat PM-JAY | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കരുതലിന്റെ കൈത്താങ്ങ് | KASP

**5 ലക്ഷം രൂപ വരെയുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് (KASP) നിങ്ങൾ അർഹരാണോ?**

**ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) കിയോസ്കുമായി ബന്ധപ്പെടുക.**

- ആധാർ കാർഡ് അടക്കമുള്ള വ്യക്തിഗത തിരിച്ചറിയൽ രേഖകൾ സമർപ്പിക്കുക.
- തിരിച്ചറിയൽ രേഖകളുടെ അടിസ്ഥാനത്തിൽ രോഗിക്ക് KASP കാർഡിന് അർഹതയുണ്ടോ എന്ന് പരിശോധിക്കും.
- അർഹരാണ് എന്ന് കണ്ടെത്തിയാൽ KASP കാർഡ് നൽകി, 5 ലക്ഷം രൂപ വരെയുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കും.

ചോദിക്കൂ, പറയാം

# കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

**പുതിയ ഇൻഷുറൻസ് കാർഡുകൾ ഇപ്പോൾ ലഭ്യമാണോ ?**

2018-19 കാലയളവിൽ RSBY/CHIS കാർഡുടമകൾക്കും കെ ബി എഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും സേവനം ലഭ്യമാണ്. കെ ബി എഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കെ.ബി.എഫ് പദ്ധതി പ്രകാരമുള്ള സേവനമാണ് ലഭ്യമാകുന്നത്. 2011 സാമൂഹിക-സാമ്പത്തിക സെൻസസ് പ്രകാരം പ്രധാനമന്ത്രിയിൽ നിന്നും നേരിട്ട് തപാൽ ലഭിച്ചവരും പുതിയ ഇൻഷുറൻസിന് അർഹരാണ് .

**നിലവിലെ കാർഡിൽ കുടുംബാംഗങ്ങളുടെ പേര് പുതുതായി ചേർക്കാമോ ?**

നിലവിൽ കാസ്പ് എംപാനൽ ചെയ്ത ആശുപത്രികളിലെ കിയോസ്കുകളിൽ നിന്നു പുതിയ സ്കീമിൽ പേര് ചേർക്കാവുന്നതാണ്. സ്കീമിൽ അംഗമായ വ്യക്തിയുടെ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും സ്കീമിൽ ചേരാം. പുതിയ അംഗങ്ങളെ ചേർക്കുമ്പോൾ വേണ്ട രേഖകൾ - സ്കീമിൽ അംഗമായ വ്യക്തിയുടെ കാസ്പ് തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ്.

**ഇൻഷുറൻസ് ആനുകൂല്യം ലഭിക്കാൻ പ്രായപരിധി ബാധകമാണോ?**

പ്രായപരിധിയോ നിലവിലുള്ള അസുഖങ്ങളോ ഇതിനൊരു തടസ്സമല്ല. ഏതു പ്രായക്കാർക്കും സൗജന്യ സേവനം ലഭ്യമാണ് .

**കാസ്പ് പദ്ധതി മുഖേന എത്ര രൂപ വരെ ക്ലെയിം ചെയ്യാവുന്നതാണ് ?**

ഒരു വർഷത്തേക്ക് ഒരു കുടുംബത്തിന് അഞ്ചു ലക്ഷം രൂപവരെ ക്ലെയിം ചെയ്യാം.

**നിലവിലുള്ള കാസ്പ് ഇൻഷുറൻസ് കാർഡ് പുതുക്കേണ്ട ആവശ്യമുണ്ടോ ?**

ഇല്ല. നിലവിൽ പ്രാബല്യത്തിലുള്ള കാസ്പ് കാർഡുകൾ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ പുതുക്കേണ്ട ആവശ്യമില്ല.

**കാരുണ്യ ബനവലന്റ് ഫണ്ട് നിർത്തലാക്കിയോ?**

ഇല്ല. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി (കാസ്പ്) യിൽ ലയിപ്പിച്ച് നിലവിലെ ഗുണഭോക്താക്കൾക്കും പുതിയ ഗുണഭോക്താക്കൾക്കും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നു. നിലവിൽ കാസ്പിൽ ഉൾപ്പെടാത്തതും മൂന്നു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരുമായ കുടുംബാംഗങ്ങൾ കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ഗുണഭോക്താക്കളായി പരിഗണിക്കപ്പെടും. കാസ്പിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ സർക്കാർ / സ്വകാര്യ ആശുപത്രികളിലെയും കാസ്പ് കിയോസ്കുകൾ വഴി പുതിയ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ചികിത്സാസഹായ അംഗീകാരത്തിനായി ആശുപത്രികൾ BIS/ TMS ൽ ശരിയായ രേഖകൾ ചേർത്തില്ലെങ്കിൽ എന്തു സംഭവിക്കാം ?**

സാധുതയില്ലാത്ത രേഖകൾ സമർപ്പിച്ചാൽ ക്ലെയിം തിരസ്കരിക്കപ്പെടും

**കാസ്പ് പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ പുതുതായി ചേർക്കാൻ സാധിക്കുമോ ?**

സാധിക്കും. ഇത്തരത്തിൽ പദ്ധതിയിൽ ചേരാൻ താല്പര്യമുള്ള സ്വകാര്യ ആശുപത്രികൾക്ക് www.hospitals.pmjay.gov.in. പോർട്ടലിൽ പേരു ചേർക്കാവുന്നതാണ്.

**BIS/TMS ലെ സാങ്കേതിക തകരാറുകൾ എംപാനൽഡ് സർക്കാർ /സ്വകാര്യ ആശുപത്രികൾ ആരുടെ ശ്രദ്ധയിൽപ്പെടുത്തണം ?**

സപ്പോർട്ട് പോർട്ടലിൽ പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ എസ് എച്ച് എ ജില്ലാ പ്രോജക്റ്റ് കോ-ഓർഡിനേറ്റർ മുമ്പാകെയും സാങ്കേതിക പ്രശ്നങ്ങൾ ഉന്നയിക്കാവുന്നതാണ്. സപ്പോർട്ട് പോർട്ടൽ ലിങ്ക് : https://support.pmjay.gov.in

**ആശുപത്രികളിൽ പലയിടത്തും കൗണ്ടറുകൾ പ്രവർത്തനരഹിതമാണ്. പരാതികൾ ആരുടെ ശ്രദ്ധയിൽപ്പെടുത്തണം ?**

1056/0471 255 1056 എന്ന ദിശ ടോൾ ഫ്രീ നമ്പറിൽ പരാതി അറിയിക്കാം. അല്ലെങ്കിൽ ജില്ലാ പ്രോജക്റ്റ് കോ-ഓർഡിനേറ്ററുടെ (എസ്എച്ച്എ) ശ്രദ്ധയിൽപ്പെടുത്താം

**നിലവിൽ കോവിഡ് ചികിത്സയ്ക്ക് പരിരക്ഷയുണ്ടോ ?**

ഉണ്ട്. സാംക്രമിക രോഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി കാസ്പ് കോവിഡ് ചികിത്സ പരിരക്ഷ ഉറപ്പുവരുത്തുന്നു.

**കെ.ബി.എഫ് എവിടെ നിന്നൊക്കെ ലഭ്യമാകും?**

മുൻപ് എംപാനൽ ചെയ്ത ആശുപത്രികൾക്ക് പുറമേ നിലവിൽ എംപാനൽ ചെയ്തിട്ടുള്ള 271 സ്വകാര്യ ആശുപത്രികളിൽ നിന്നും ദ്വിതീയ, ത്രിതീയ ചികിത്സാസൗകര്യമുള്ള എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും കെ.ബി.എഫ് ആനുകൂല്യം ലഭ്യമാണ്.

**ആരൊക്കെയാണ് കെ.ബി.എഫ്ന്റെ ഗുണഭോക്താക്കൾ ?**

നിലവിൽ കാസ്പിൽ ഉൾപ്പെടാത്ത, മൂന്നു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബാംഗങ്ങൾ കെ.ബി.എഫിന്റെ ഗുണഭോക്താക്കളായി പരിഗണിക്കപ്പെടും.

**കെ.ബി.എഫ് ൽ പുതിയ അപേക്ഷ എങ്ങനെ സമർപ്പിക്കാൻ സാധിക്കും ?**

കാസ്പ് എംപാനൽ ചെയ്തിട്ടുള്ള എല്ലാസർക്കാർ/സ്വകാര്യ ആശുപത്രികളിലെയും കാസ്പ് കിയോസ്കുകൾ വഴി പുതിയ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## തിരിച്ചറിയൽകാർഡിന്റെ വിതരണോദ്ഘാടനം



കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയുടെ തിരിച്ചറിയൽ കാർഡിന്റെ വിതരണം മുഖ്യമന്ത്രി പിണറായി വിജയൻ 2019 ൽ ഉദ്ഘാടനം ചെയ്തപ്പോൾ. ധനമന്ത്രി ഡോ. തോമസ് ഐസക്, ആരോഗ്യ മന്ത്രി കെ.കെ. ശൈലജ ടീച്ചർ എന്നിവർ സമീപം

**കാരുണ്യ കേരളം**

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01
ലക്കം : 01
2020 ഒക്ടോബർ


# കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി **ആരോഗ്യ വിപ്ലവത്തിന്റെ രണ്ട് വർഷം**

- 13.12 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ
- 1485 കോവിഡ് ബാധിത രോഗികൾക്ക് പദ്ധതിയുടെ ഗുണഫലം

സാധാരണ കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രതയെ പ്രതിസന്ധിയിലാഴ്ത്തുന്ന മുഖ്യ ഘടകമാണ് പെട്ടെന്നുണ്ടാകുന്ന ഭാരിച്ച ചികിൽസാചെലവുകൾ. ഈ സാഹചര്യം അതിജീവിക്കുന്നതിനായി കേന്ദ്രസർക്കാർ പങ്കാളിത്തത്തോടെ കേരള സർക്കാർ നടപ്പാക്കുന്ന കാരുണ്യ സുരക്ഷാ പദ്ധതി രണ്ടുവർഷം പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ സാധാരണക്കാരായ 13,16,846 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്താനായി.

കോവിഡ് കാലത്ത് കേരള സമൂഹത്തിന് കൂടുതൽ കരുത്ത് പകരാനും ഈ പദ്ധതി സഹായകമായി. ഇതുവരെ 1,485 കോവിഡ് ബാധിത രോഗികൾക്ക് പദ്ധതിയുടെ ഗുണഫലം ലഭിച്ചു.

**ചികിൽസ ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള എണ്ണം:**

| ക്രമ നമ്പർ | ജില്ല | 2019 -2020 | 2020 -2021 |
|---|---|---|---|
| 1 | തിരുവനന്തപുരം | 95511 | 31267 |
| 2 | കൊല്ലം | 67964 | 23133 |
| 3 | പത്തനംതിട്ട | 19481 | 5986 |
| 4 | ആലപ്പുഴ | 71161 | 27775 |
| 5 | കോട്ടയം | 27234 | 12241 |
| 6 | ഇടുക്കി | 71639 | 25129 |
| 7 | എറണാകുളം | 54322 | 18031 |
| 8 | തൃശ്ശൂർ | 120000 | 53350 |
| 9 | പാലക്കാട് | 91549 | 35867 |
| 10 | മലപ്പുറം | 82621 | 28711 |
| 11 | കോഴിക്കോട് | 44759 | 15731 |
| 12 | വയനാട് | 100000 | 32665 |
| 13 | കണ്ണൂർ | 70707 | 27095 |
| 14 | കാസർഗോഡ് | 44441 | 18476 |
| | **ആകെ** | **9,61,389** | **3,55,457** |

## എംപാനൽ ചെയ്ത ആശുപത്രികൾ : കാസർഗോഡ് ജില്ല

| ക്രമ ന: | സ്ഥാപനത്തിന്റെ പേര് | ഫോൺ നമ്പർ | സർക്കാർ/ സ്വകാര്യം | ഇ-മെയിൽ |
|---|---|---|---|---|
| 1 | സി.എച്ച് സി. ചെറുവത്തൂർ | 4672261270 | സർക്കാർ | drrameshdg@gmail.com |
| 2 | കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, പേരിയ | 4672234141 | സർക്കാർ | chcperiye@gmail.com |
| 3 | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് | 4672234141 | സർക്കാർ | knghospital@gmail.com |
| 4 | ജനറൽ ആശുപത്രി, കാസർഗോഡ് | 4994222999 | സർക്കാർ | ghksdrsby@gmail.com |
| 5 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം | 4672282933 | സർക്കാർ | chcnileshwar@gmail.com |
| 6 | താലൂക്ക് ആശുപത്രി, പനത്തടി | 4672224190 | സർക്കാർ | chcpanathady@gmail.com |
| 7 | താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ | 4672211100 | സർക്കാർ | ththrikaripur@gmail.com |
| 8 | തേജസ്വിനി സഹകരണ ആശുപത്രി, നീലേശ്വരം | 4672285257 | സ്വകാര്യം | thejaswinicoophospital@gmail.com |
| 9 | അഹല്യ ഫൗണ്ടേഷൻ കണ്ണാശുപത്രി, കാഞ്ഞങ്ങാട് | 4672200844 | സ്വകാര്യം | Kanhangad@afeh.org |
| 10 | കമ്മത്ത് മെഡിക്കൽ സെൻറർ | 4994230004 | സ്വകാര്യം | kamathhospital78@gmail.com |
| 11 | എം.എ.എം. ട്രസ്റ്റ് കണ്ണാശുപത്രി | 4672200960 | സ്വകാര്യം | simscomeye@gmail.com |
| 12 | യെനപോയാ മെഡിക്കൽ കോളേജ്, മംഗലാപുരം | 8242206000 | സ്വകാര്യം | |
| 13 | മയ്യ കണ്ണാശുപത്രി, കാസർഗോഡ് | 4994220937 | സ്വകാര്യം | maiyaeyecarecentre@gmail.com |
| 14 | താലൂക്ക് ആശുപത്രി, ബേഡടുക്ക | 4994217015 | സർക്കാർ | chcbedadka@gmail.com |
| 15 | സാലി ഡയാലിസിസ് സെൻറർ, കാഞ്ഞങ്ങാട് | 8606294493 | സ്വകാര്യം | manudas19@gmail.com |
| 16 | കാസർഗോഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് | 4994219400 | സ്വകാര്യം | ashu33shetty@gmail.com |
| 17 | സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കേരള പ്രൈവറ്റ് ലിമിറ്റഡ്, കാഞ്ഞങ്ങാട് | 4672208180 | സ്വകാര്യം | sunrisehospitalkanhangad@gmail.com |
| 18 | റൈറ്റ്സ് & തണൽ സെൻറർ, ചെറുവത്തൂർ | 9447774799 | സ്വകാര്യം | thanalvatakara@gmail.com |

**എല്ലാ ജില്ലകളിലെയും ആശുപത്രികളുടെ പട്ടിക വെബ്സൈറ്റിൽ ലഭ്യമാണ്**

**www.sha.kerala.gov.in**


Edited and published by Dr. Rathan U Kelkar IAS, Executive Director, State Health Agency for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor: C Latheef. Design and layout: Arun. V. Dev (Devgraph)
(For Private Circulation only)